GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/10/2026

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ കാർഷിക കോളേജുകളിൽ ഈ അധ്യയന വർഷം മുതൽ RF മോഡിൽ ആരംഭിക്കുന്ന ബി.എസ്.സി.(ഹോണേർസ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്കുള്ള ആദ്യ ഘട്ട പ്രവേശനത്തിന്ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ ഇന്ന് (ഒക്ടോബർ 28 ന്) തൃശ്ശൂർ വെള്ളാനിക്കര കാർഷിക

സർവകാലശാലയുടെ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വെച്ച് നടത്തുന്നു. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

2. റബ്ബറിലെ നിയന്ത്രിത കമിഴ്ത്തിവെട്ടിന്റെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററിലെക്ക് വിളിക്കാം. റബ്ബറിൽ നിന്നും ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പ്പാദനം ലഭിക്കുന്നതിനും പട്ടമരപ്പ്, മറ്റുരോഗങ്ങൾ എന്നിവമൂലം പുതുപ്പട്ടയിൽ ടാപ്പിങ് സാധ്യമാകാതെ വരുന്ന മരങ്ങളിൽനിന്ന് ആദായമെടുക്കുന്നതിനു സഹായിക്കുന്ന ഒരു വിളവെടുപ്പുരീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാളെ ഒക്ടോബർ 29 ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് റെജു എം.ജെ ഫോണിലൂടെ മറുപടി നൽകും. കർഷകർക്ക് 0481-2576622 എന്ന കോൾസെന്റർ നംബറിലെയ്ക്ക് വിളിക്കാവുന്നതാണ്.

3. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ കാട വളർത്തൽ എന്ന വിഷയത്തിൽ നാളെ ഒക്ടോബർ 29 ന് രാവിലെ 10 മുതൽ വൈകുന്നേരം 5 മണിവരെ ഒരു ദിവസത്തെ സൗജന്യ

പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0479-2457778/ 0479-2452277.എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. അല്ലെങ്കിൽ 7736336528 എന്ന വാട്സ്ആപ്പ് നമ്പറിൽ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ അയച്ചു രജിസ്റ്റർ ചെയ്യാവുന്നതാണ്.

4. ക്ഷീര വികസന വകുപ്പിന്റെ 2026-27 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. 2026 നവംബർ 7 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. മിൽക്ക് ഷെഡ് വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ, കശുവണ്ടി മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി , 20, 10, 5, 2, 1 എന്നീ പശു യൂണിറ്റ് പദ്ധതികൾ, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക്

ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ഹൈജീൻ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും www.ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണ്.

5. കൊട്ടാരക്കര കില സി.എസ്.ഇ.ഡിയുടെ ആഭിമുഖ്യത്തിൽ സൗജന്യ ആട് വളർത്തൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ മാസം 29, 30, 31 തീയതികളിൽ കൊട്ടാരക്കര കില സി.എസ്.ഇ.ഡി. കേന്ദ്രത്തിലാണ് പരിശീലനം നടക്കുന്നത്. ആടുകളുടെ തിരഞ്ഞെടുപ്പ്, തീറ്റ നിർമാണവും പോഷകാഹാരവും, കൂട് നിർമാണവും പരിപാലനവും, രോഗനിവാരണവും ആരോഗ്യപരിപാലനവും, വരുമാന സാധ്യതകളും മാർക്കറ്റിങ്ങും തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകും. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **7012644256** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ആട് വളർത്തലിലൂടെ സ്വയംതൊഴിലും വരുമാനവും നേടാൻ ആഗ്രഹിക്കുന്നവർക്ക് ഈ പരിശീലനം പ്രയോജനപ്പെടുത്താവുന്നതാണ്.

6. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരവികസന കേന്ദ്രത്തിൽ വച്ച് ഒക്ടോബർ 30, 31 തീയതികളിൽ സുരക്ഷിതമായ പാൽ ഉൽപ്പാദനം എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇന്ന് ഒക്ടോബർ 28 ന് വൈകുന്നേരം 5 മണിക്ക് മുൻപായി പരീശീലന കേന്ദ്രത്തിൽ നേരിട്ടോ ഫോൺ മുഖേനയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ എത്തുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0471– 2440911, 9061409824 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.